LIBRARY ARCHIVES Kerala Legislative Assembly

സപ്ലീസ് സംയോജനം

*൪ (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തെ സപ്ലീസ് സംയോജനത്തെപ്പറ്റി റിപ്പോർട്ട ചെയ്യുവാൻ ശ്രീ. കൈനിക്കര പത്മനാഭപിള്ളയെ നിയമിച്ചുതെന്നാണ്;

(ബി) അദ്ദേഹം സപ്ലീസ് സംയോജനറിപ്പോർട്ട സമർപ്പിച്ചോ;

(സി) റിപ്പോർട്ട സമർപ്പിച്ചുതെന്നാണ്;

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം;

(എഫ) സെക്രട്ടറിയേറ്റുകളുടെ സംയോജനത്തെപ്പറ്റി പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാം;

(ജി) പ്രസ്തുത നിർദ്ദേശങ്ങൾ ഇനിയും നടപ്പിൽ വരുത്താത്തതിനുള്ള കാരണമെന്തു?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ന്യൂ — ഫുൾ — ഫ്രൻ൪ൻ-ൽ പക്ഷെ, അതു സപ്ലീസു സംയോജനത്തിനായിട്ടല്ല; ഡിപ്പാർട്ടുമെൻറൽറിഅർഗനൈസേഷനെസംബന്ധിച്ചാണ്.

(ബി) ഉവ്.

(സി) പലപ്പോഴായിട്ടാണെങ്കിലും അവസാനമായി സമർപ്പിച്ചതു് ഫുൾ—ഫ്രൻ ൫ ൦-ലാണ്.

(ഡി) അവയിൽ ചിലതെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ഇ) ഓരോ ഡിപ്പാർട്ടുമെൻറിനെയും സംബന്ധിക്കുന്ന സംഗതികൾ അതാതു ഡിപ്പാർട്ടുമെൻറൽ അദ്ധ്യക്ഷന്മാരുമായും, പബ്ലിക്കുസപ്ലീസു കമ്മീഷനുമായും ആലോചിച്ചു് അതിനേല്പുണ്ടാകാവുന്ന സാമ്പത്തികമായ ബാദ്ധ്യതകളെ പ്രധാനമായി മുൻനിറുത്തി അവശ്യാധമായി പരിഗണിക്കുന്നതുകൊണ്ട്.

(എഫ്) അവ ആലോചനയിലിരിക്കുന്നതുനിമിത്തം വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(ജി) വേണ്ട നടപടികൾ നടത്തിവരികയാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം, ചീഫ്മിനിസ്റ്റർ പ്രസ്താവിച്ചതനുസരിച്ചു് സംയോജനത്തെ സംബന്ധിച്ചുള്ള അസംതൃപ്തി നീക്കുന്നതിനു് ഈ റിപ്പോർട്ടിൽ എന്തൊരുപാധിയാണു് നിർദ്ദേശിച്ചിട്ടുള്ളതു്?

Mr. Speaker: That question is based on the assumption that there is discontent.

സപ്ലീസു സംയോജന സ്പെഷ്യലാഫീസർ

*൪. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സപ്ലീസു സംയോജനത്തിനുവേണ്ടി മദ്രാസു സപ്ലീസിൽനിന്നും പെൻഷ്യൻപറ്റി പിരിഞ്ഞ മി. കെ. രാമണ്ണിനായരെ ഇവിടത്തെ സെക്രട്ടറിയേറ്റിൽ നിയമിച്ചിട്ടുണ്ടോ;

(ബി) അദ്ദേഹത്തെ ഇവിടെ ഏതു സ്കെയിലിലാണ് നിയമിച്ചതു;

(സി) പ്രസ്തുത നിയമനം പബ്ലിക്കുസപ്ലീസ് കമ്മീഷൻ മുഖാന്തരമാണോ നടന്നതു;

(ഡി) ഇങ്ങനെയുള്ള ഒരു പുതിയ ഉദ്യോഗത്തിനുവേണ്ടി അപേക്ഷകൾ ക്ഷണിച്ചിരുന്നോ;

(ഇ) മിസ്റ്റർ. കെ. രാമുണ്ണിനായരുടെ, സപ്ലീസു സംയോജനജോലി ഇപ്പോൾ ഏതു നിലയിലിരിക്കുന്നു;

(എഫ്) ഇതിനുപുറമെ മറ്റു വല്ല ജോലികളുംകൂടി അദ്ദേഹം ചെയ്യുവരുന്നുണ്ടോ;

(ജി) അദ്ദേഹത്തിന്റെ പ്രത്യേക ജോലി എന്നുകൊണ്ടുപൂർത്തിയാകും;

(എച്ച്) അദ്ദേഹത്തിനെ എന്നു സപ്ലീസിൽനിന്നും പിരിച്ചുവിടും?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) പ്രതിമാസം ൪ ൦ ൦ രൂപ ശമ്പളത്തിൽ.

(സി) അല്ല.

(ഡി) ഇല്ല.

(ഇ) പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(എഫ്) അദ്ദേഹം സപ്ലീസു സെക്ഷനിലെ ചാർജ്ജു കൂടി വഹിക്കുന്നുണ്ട്. ചീഫ് സിക്രട്ടറി സ്ഥലത്തില്ലാത്ത അവസരത്തിൽ പാസ്പോർട്ട് കൊടുക്കുന്നതിനുള്ള അധികാരവും കൊടുത്തിട്ടുണ്ട്.

(ജി) കഴിയുന്നതും വേഗത്തിൽ പൂർത്തിയാക്കണമെന്നാണുദ്ദേശിക്കുന്നതു്.

(എച്ച്) അദ്ദേഹത്തിന്റെ ജോലികൾ പൂർത്തിയായാൽ ഉടൻതന്നെ പിരിച്ചുവിടുന്നതാണു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: അദ്ദേഹത്തെ എത്രകാലത്തേക്കാണു് നിയമിച്ചിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു കൊല്ലത്തേക്കാണു്. അതിനകം സപ്ലീസുസംയോജനം സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ജോലികൾ പൂർത്തിയാക്കാൻ സാധിക്കുന്നപക്ഷം അദ്ദേഹത്തെ ഉടനെ പിരിച്ചുവിടുന്നതാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇവിടെ പ്രാപ്തനായ ഒരു ഉദ്യോഗസ്ഥൻ ഇല്ലാഞ്ഞിട്ടാണോ, പെൻഷൻപറ്റിയ ഒരു ഉദ്യോഗസ്ഥനെ പുറമെനിന്നും വരുത്തിയിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതുകൊണ്ടല്ല. തിരുവിതാംകൂർകാരുടെയും കൊച്ചിക്കാരുടെയും ഇടയിൽ സംയോജനംസംബന്ധിച്ചു് എന്തെങ്കിലും അഭിപ്രായഭിന്നതകളുണ്ടെങ്കിൽ അതിനു കുറവുവരുത്തുന്നതിനു് മിക്കവാറും മലബാറുകാരനായ അദ്ദേഹത്തിനു സാദ്ധ്യതയുണ്ടെന്നാണു് ഗവൺമെണ്ടു വിചാരിക്കുന്നതു്.

ശ്രീ. എസ്. കുട്ടൻ: അദ്ദേഹത്തെ ഇൻഡ്യാഗവൺമെണ്ടിൽനിന്നും അയച്ചുതന്നതാണോ? അതോ, ഈ ഗവൺമെണ്ടു് ആവശ്യപ്പെട്ടതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇൻഡ്യാ ഗവൺമെണ്ടു് അയച്ചുതന്നതല്ല, അദ്ദേഹത്തിനു മദ്രാസു് ഗവൺമെണ്ടിൽ ജോലിയുണ്ടായിരുന്നു. ഇവിടത്തെ ഗവൺമെണ്ടിന്റെ അപേക്ഷ അനുസരിച്ചു മദ്രാസു ഗവൺമെണ്ടു് അദ്ദേഹത്തെ വിട്ടുതന്നു.

ശ്രീ. ഇട്ടീര അമ്മുക്കൻ: ബുജുകമ്മിറ്റി റിപ്പോർട്ടിൽ സപ്ലീസു സംയോജനം സംബന്ധിച്ചു് എന്തെങ്കിലും നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരയണപിള്ള: അതു് ആ റിപ്പോർട്ടു വായിച്ചു നോക്കുന്നവർക്കെല്ലാം അറിയാവുന്ന കാര്യമാണു്.

ശ്രീ. ഇട്ടീര അമ്മുക്കൻ: ആ റിപ്പോർട്ടിൽ സപ്ലീസുസംയോജനം സംബന്ധിച്ചു ചില വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ആ നിലയ്ക്കു് ഇതിലേക്കു പ്രത്യേക ഒരു ഉദ്യോഗസ്ഥന്റെ ആവശ്യമെന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ബൂച്ചുകമ്മറി റിപ്പോർട്ടിനെ അസ്സ്ദ മാക്കിയല്ല, ഇവിടത്തെ സപ്ലീസുസംയോജനം നടത്തേണ്ടതു്. ബൂച്ചുകമ്മറി റിപ്പോർട്ടിൽ പറയുന്നതു്, പൊതുവെയുള്ള സംയോജനത്തെപ്പറ്റിയാണു്. എന്നാൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതു് ഓരോ ഡിപ്പാർട്ടുമെൻറിന്റെയും സപ്ലീസുസംയോജനമാണു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഇതിലേക്കു് ഒരു ഫിനാൻഷ്യൽ അസിസ്റ്റാൻറിനെ നിയമിക്കുകയും, അദ്ദേഹം ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സാംസ്ഥാനിക സംയോജനത്തെ സംബന്ധിച്ചാണു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: അദ്ദേഹം കൊച്ചീക്കാരനാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. അദ്ദേഹം മദ്രാസു് സംസ്ഥാനത്തുകാരനാണു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: അപ്പോൾ ഇതിലേക്കു വേറൊരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ട ആവശ്യമെന്തായിരുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: ആ ഫിനാൻഷ്യൽ അഡ്വീഷണൽ സെക്രട്ടറി, സപ്ലീസിൽനിന്നും വിട്ടുപോയി.

ശ്രീ. എ. താണുപിള്ള: ശ്രീ. കൈനിക്കരയെ നിയമിച്ചിട്ടുണ്ടല്ലോ; അദ്ദേഹത്തിന്റെ റിപ്പോർട്ട് ശരിയായി പരിശോധന ചെയ്തിട്ടതന്നെയാണോ, ശ്രീ. രാമുണ്ണി നായരെ നിയമിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. കൈനിക്കരയെ നിയമിച്ചതു ഡിപ്പാർട്ടുമെൻറുകളുടെ റീ ഓർഗനൈസേഷൻ സംബന്ധിച്ചുള്ള സംയോജനത്തിനുവേണ്ടി റിപ്പോർട്ട ചെയ്യുവാനാണു്. എന്നാൽ ശ്രീ. രാമുണ്ണി നായരെ നിയമിച്ചതു് സപ്ലീസു പേഴ്സനൽ ഇൻറിഗ്രേഷനുവേണ്ടിയാണു്.

ശ്രീ. എ. താണുപിള്ള: കഴിഞ്ഞ നിയമസഭയിൽ ശ്രീ. കൈനിക്കര സപ്ലീസുസംയോജനം സംബന്ധിച്ചു റിപ്പോർട്ട സമർപ്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ, ഗവൺമെണ്ടു ഭാഗത്തുനിന്നും സമർപ്പിച്ചിട്ടുണ്ടെന്നു മറുപടി പറഞ്ഞു. അപ്പോൾ, ശ്രീ. രാമുണ്ണിനായരുടെ നിയമനത്തിന്റെ സാംഗത്യം എങ്ങനെയുണ്ടായി?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനു ഉത്തരം ഞാൻ മുമ്പേ പറഞ്ഞു കഴിഞ്ഞു. സപ്ലീസുസംയോജനം എന്നു പറഞ്ഞതു് ഡിപ്പാർട്ടുമെൻറൽ റീ ഓർഗനൈസേഷനെ സംബന്ധിച്ചുള്ള സംയോജനമാണു്.

ശ്രീ. എ. താണുപിള്ള: അതിനെസംബന്ധിച്ചു റിപ്പോട്ട് സമർപ്പിച്ച കൂട്ടത്തിൽ സപ്ലീസുപേഴ്സനൽ ഇൻറിഗ്രേഷനെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൂടി ശ്രീ. കൈനിക്കര സമർപ്പിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. എ. താണുപിള്ള: ഇതിലേക്കു് നിയുക്തനായ ഫിനാൻഷ്യൽ അസിസ്റ്റാൻറ് ഇതിനെപ്പറ്റി റിപ്പോർട്ട് അമർപ്പിച്ചിട്ടില്ലേ?

ശ്രീ. ടി. കെ നാരായണപിള്ള: ഉണ്ടു്. അദ്ദേഹത്തിന്റെ റിപ്പോട്ടിനെ അസ്സ്ദമാക്കിവേണം, താല്ക്കാലികമായി സപ്ലീസു പേഴ്സനൽ ഇൻറിഗ്രേഷൻ സംബന്ധിച്ചു് പൊതുതത്വങ്ങൾ സ്വീകരിക്കുവാൻ എന്നു ഗവൺമെണ്ടു ശ്രീ. രാമുണ്ണിനായക്കു നിർദ്ദേശം നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള: ശ്രീ. രാമുണ്ണിനായരുടെ ജോലി സപ്ലീസപ്പെഴ്സനൽ സംയോജനം സംബന്ധിച്ചുള്ളതു മാത്രമാണോ? അതായതു അവരുടെ റാങ്കും സീനിയാറിട്ടിയും നിശ്ചയിക്കുന്നതിനു മാത്രമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേയുള്ളൂ. ഇന്ന തത്വങ്ങളനുസരിച്ചാണു് അതു ചെയ്യേണ്ടതു് എന്നുള്ള നിർദ്ദേശം അദ്ദേഹത്തിനും മേലധ്യക്ഷന്മാർക്കും കൊടുക്കുന്നു. അതനുസരിച്ചു് മാരേ ാ ആളിനും ഉള്ള റാങ്കും സീനിയാറിട്ടിയും നിശ്ചയിക്കുന്നു. ഈ ജോലിയാണു് ശ്രീ. രാമുണ്ണി നായർ വഹിക്കുന്നതു്. അദ്ദേഹം തയ്യാറാക്കുന്ന ലിസ്റ്റുതന്നെ ഗവൺമെണ്ടു പുനഃപരിശോധന ചെയ്യുന്നതാണു്.

ശ്രീ. എ. താണുപിള്ള: അപ്പോൾ ആ തത്വങ്ങൾ അപ്ലൈ ചെയ്യുന്നതിനു് പ്രാപ്തിയുള്ള ഉദ്യോഗസ്ഥൻ ഈ ഗവൺമെണ്ടിൽ വേറെ ഇല്ലെന്നുള്ള നിലയാണോ ഗവൺമെണ്ടിനുള്ളതു്?

Mr. Speaker: What is the question please?

ശ്രീ. എ. താണുപിള്ള: എന്റെ ചോദ്യം ഇതാണു്, ശ്രീ. രാമുണ്ണിനായരെ നിയമിച്ചതു്, ഇപ്പോൾ ഈ സപ്ലീസ്സിൽ ഇരിക്കുന്നവരുടെ തുപ്തിയെ ഉദ്ദേശിച്ചാണെന്നു ഗവൺമെണ്ടു പറഞ്ഞു. അതുകൊണ്ടാണോ, അതോ, ഇവിടത്തെ സപ്ലീസിൽ ഇതിനു് പ്രാപ്തിയുള്ളവർ ഇല്ലാഞ്ഞിട്ടോ?

Mr. Speaker: Facts may be ascertained. But inferences and discussions based thereon cannot be allowed.

ശ്രീ. എ. താണുപിള്ള: മദ്രാസ് ഗവൺമെണ്ടു് സപ്ലീസിൽ ഇരിക്കവെയാണോ അദ്ദേഹത്തെ ഇവിടെ നിയമിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. പെൻഷൻപറ്റിയതിനുശേഷമാണു്.

ശ്രീ. എ. താണുപിള്ള: ഇപ്പോൾ അദ്ദേഹത്തിനു് എത്ര വയസുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി അന്വേഷിച്ചിട്ടില്ല.

ശ്രീ. എ. താണുപിള്ള: പെൻഷൻപറ്റിയ നിലയ്ക്കു അദ്ദേഹത്തെ ഇവിടെ നിയമിക്കുന്നതിനു് മദ്രാസ് ഗവൺമെണ്ടിന്റെ അനുവാദത്തിന്റെ ആവശ്യമെന്തു്?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹത്തിന്റെ നിയമനത്തെ സംബന്ധിച്ചു ഈ ഗവൺമെണ്ടും മദ്രാസ് ഗവൺമെണ്ടുമായി കേവലം അനൗപചാരികമായ എഴുത്തുകുത്തുകളാണു് നടത്തിയതു്. അങ്ങനെയാണു് അദ്ദേഹത്തെ ഇവിടെ വരുത്തിയതു്.

ശ്രീ. എ. താണുപിള്ള: മദ്രാസ് ഗവൺമെണ്ടു് സപ്ലീസിൽനിന്നും മി. രാമുണ്ണിനായർ പെൻഷൻപറ്റി പിരിഞ്ഞിട്ടു് എത്ര കൊല്ലം വരുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എത്ര കൊല്ലം വരുമെന്നു നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: പെൻഷൻപറ്റി കഴിഞ്ഞ ഒരു ഉദ്യോഗസ്ഥനു് മനഃപൂർവ്വമായി ഇവിടത്തെ ഗവൺമെണ്ടു് ഉദ്യോഗം കൊടുത്തിരിക്കുന്നുയെന്ന ഒരു കേൾവി പരന്നതായിട്ടു ഗവൺമെണ്ടിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ആ കേൾവികളെല്ലാം അടിസ്ഥാനര ഹിതമാണ്.

മി. കേശവമേനവന്റെ നിയമനം

* ന. (ന) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾ ക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) മദ്രാസ് പോലീസു് വകുപ്പിൽനിന്നും, മി. കേശവമേനവനെ ഇവിടത്തെ സപ്ലീസിൽ നിയമിച്ചിട്ടുണ്ടോ;

(ബി) അദ്ദേഹത്തിന്റെ മദ്രാസിലെ റാങ്കും, ഇവിടത്തെ റാങ്കും തമ്മിൽ എന്തു വ്യത്യാസമുണ്ടു്;

(സി) അദ്ദേഹത്തെ എന്തു നിശ്ചിതമായ ജോലി ചെയ്യുന്നതിനാണു് ഇവിടെ നിയമിച്ചതു്;

(ഡി) ഇപ്പോൾ അദ്ദേഹം എന്തു പ്രത്യേകമായ ജോലി ചെയ്യുവരുന്നു;

(ഇ) പബ്ലിക്ക് സപ്ലീസു് കമ്മീഷന്റെ മുൻ അനുമതിയോടുകൂടിയാണോ മി. കേശവമേനവനെ നിയമിച്ചതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) മദ്രാസിൽ അദ്ദേഹം പോലീസ് സൂപ്രണ്ടായിരുന്നു. ഇവിടെ ആദ്യം എ. എസ്സു്. പി. യായി നിയമിക്കുകയും ഇപ്പോൾ ഡി. ഐ. ജി. യായി ജോലിനോക്കുകയും ചെയ്യുവരുന്നു.

(സി) സി. ഐ. ഡി. ജോലി ചെയ്യുന്നതിനു്.

(ഡി) ശബരിമല തീവയ്പു് കേസിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

(ഇ) ഇല്ല. അദ്ദേഹത്തെ ഒരു കൊല്ലത്തേക്കു മാത്രമാണു് ഇവിടെ നിയമിച്ചിട്ടുള്ളതു്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: എ. എസ്. പി. ആയിട്ടു പ്രവർത്തനം നടത്തിയ ശ്രീ. കേശവമേനവനെ എത്ര കാലം കഴിഞ്ഞിട്ടാണു് ഡി. ഐ. ജി. ആക്കിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കുറച്ചുകാലം കഴിഞ്ഞാണു്.

Sri. R. K. Ram: Is it because of the inefficiency of the police here that Mr. Kesava Menon was imported?

Mr. Speaker: That is a matter of inference.

ശ്രീ. പി. നാണു: ശബരിമല തീവയ്പു് കേസിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഇദ്ദേഹത്തെ ഇവിടെ നിയമിച്ചിട്ടു് എത്ര കാലമായെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം ഒരുമാസത്തിൽ കൂടുതലായി.

DESHABHIMANI RAMAKRISHNA PILLAI MEMORIAL

***7. [7] Sri. N. D. Jose:** Will the Hon'ble Chief Minister be pleased to state:—

(*a*) whether any public committee or group of persons has applied for a grant of a few cents of land to build a memorial to the late Ramakrishna Pillai;

(*b*) whether such a grant has been made; and

(*c*) and if so, if the Government is aware of the committee having taken up the construction of the memorial?

LIBRARY ARCHIVES Kerala Legislative Assembly